No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം (കീം–2020) ഓൺലൈൻ അപേക്ഷയുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസാന അവസരം

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികളിൽ നിന്നും നിരവധി അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ന്യൂനതകൾ പരിഹരിക്കുന്നതിന് ഒരവസരം കൂടി നൽകുന്നത്. വിദ്യാർത്ഥികൾക്ക് ഈ അവസരത്തിൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകൾ പരിഹരിക്കുന്നതിന് മാത്രമാണ് അവസരം ലഭിക്കുന്നത്. കാറ്റഗറി/സംവരണം ലഭിക്കുന്നതിന് പുതുതായി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് ഈ ഘട്ടത്തിൽ അവസരം ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ഈ അവസരത്തിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് യാതൊരു കാരണവശാലും വീണ്ടും അവസരം നൽകുന്നതല്ല. ആയതിനാൽ വിദ്യാർത്ഥികൾ സ്വന്തം ഉത്തരവാദിത്വത്തിൽ കൈവശമുള്ള സർട്ടിഫിക്കറ്റുകൾ നിശ്ചിതസമയ പരിധിയ്ക്കുള്ളിൽ അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകൾ തന്നെയാണ് ഈ ഘട്ടത്തിൽ വീണ്ടും അപ്‌ലോഡ് ചെയ്യുന്നതെങ്കിൽ അത് പരിഹരിക്കുന്നതിനായി പിന്നീട് അവസരം നൽകുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, സംവരണം/ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. **ഓൺലൈൻ അപേക്ഷായോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ് എന്നിവയിൽ ന്യൂനതകൾ ഉള്ളവർക്കും അപേക്ഷാഫീസ് അധികമായി അടയ്ക്കാനുള്ളവർക്കും, സമർപ്പിച്ച അനുബന്ധ രേഖകളിൽ അപാകതകൾ ഉള്ളവർക്കും അവ പരിഹരിക്കുന്നതിന് 25.09.2020 മുതൽ 28.09.2020 ഉച്ചയ്ക്ക് 12.00 മണി വരെ സമയം ലഭ്യമാകുന്നതാണ്.** നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്ന രേഖകൾ പരിശോധിച്ച് ഉടൻ തന്നെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ തപാൽ/നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരവരുടെ **'Candidate Portal'** ൽ നൽകിയിട്ടുള്ള **'Forgot Application Number'** എന്ന ലിങ്കിൽ പേരും മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 -2525300**

തിരുവനന്തപുരം
24.09.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**